(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയവരിൽ ആഭ്യന്തര വകുപ്പിന് കീഴിലെ ഉദ്യോഗസ്ഥർ ആരുംതന്നെയില്ല.

(എഫ്) മറ്റ് സർക്കാർ സർവ്വീസിലെ ആർക്കും ക്വട്ടേഷൻ സംഘങ്ങളുമായി ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടില്ല.

കംപ്ലയിന്റ് അതോറിറ്റികൾ

238 (2111) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി നിർദ്ദേശപ്രകാരം സംസ്ഥാനത്ത് നിലവിൽവന്ന കംപ്ലയിന്റ് അതോറിറ്റികൾക്ക് മുൻപാകെ ഇതിനകം ലഭിച്ച പരാതികൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) അവയിൽ തീർപ്പ് കല്പിക്കപ്പെട്ടവ എത്ര ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ഡി) പോലീസ് അതോറിറ്റിയുടെ പ്രവർത്തനത്തിന് വിഘാതമായുള്ള സർക്കാർ തീരുമാനങ്ങൾ തിരുത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന-ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കൊലപാതകക്കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

239 (2112) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള കൊലപാതകങ്ങളിൽ, ഗുണ്ടാ ആക്രമണം, മാഫിയാ ആക്രമണം, മതസ്പർദ്ധ, ധനാപഹരണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്ര പേർ ഇരയാക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly